

# ഖുർആൻ ബോധനം



എ.വൈ.ആർ

സൂറ-17

# അൽ ഇസ്റാഅ്

إِنْ أَحْسَنتُمْ أَحْسَنتُمْ لِأَنفُسِكُمْ ۖ وَإِنْ أَسَأْتُمْ فَلَهَا ۚ فَإِذَا جَاءَ وَعْدُ الْآخِرَةِ
لِيَسُوءُوا وُجُوهَكُمْ وَلِيَدْخُلُوا الْمَسْجِدَ كَمَا دَخَلُوهُ أَوَّلَ مَرَّةٍ وَلِيُتَبِّرُوا
مَا عَلَوْا تَتْبِيرًا ٧

7. നിങ്ങൾ നന്മ ചെയ്തപ്പോൾ അതു നിങ്ങൾക്കു തന്നെയുള്ള നന്മയായിരുന്നു. തിന്മ ചെയ്തപ്പോൾ അതു നിങ്ങൾക്കെതിരായിത്തന്നെയുള്ള തിന്മയുമായിരുന്നു. രണ്ടാമത്തെ വാഗ്ദത്ത സമയം ആസന്നമായപ്പോൾ നാം നിങ്ങളുടെ മേൽ മറ്റു ശക്തികൾക്ക് ആധിപത്യമേകി; അവർ നിങ്ങളുടെ മുഖം വികൃതമാക്കുന്നതിനും ആദ്യവട്ടം ബാബിലോണിയക്കാർ ബൈത്തുൽ മഖ്ദിസിലേക്കു തള്ളിക്കയറിയപോലെ, അവരും തള്ളിക്കയറുന്നതിനും കയ്യിൽ കിട്ടിയതെല്ലാം തകർത്തു തരിപ്പണമാക്കുന്നതിനും.

عَسَىٰ رَبُّكُمْ أَن يَرْحَمَكُمْ ۚ وَإِنْ عُدتُّمْ عُدْنَا ۘ وَجَعَلْنَا جَهَنَّمَ لِلْكَافِرِينَ
حَصِيرًا ٨

8. നിങ്ങളുടെ നാഥൻ ഇനിയും നിങ്ങളോട് കരുണ കാണിക്കുമെന്നാശിക്കാം. പക്ഷെ നിങ്ങൾ പൂർവ നിലപാട് ആവർത്തിക്കയാണെങ്കിൽ നമ്മുടെ നടപടിയും ആവർത്തിക്കും. നരകം സത്യ-ധർമങ്ങൾ നിഷേധിക്കുന്നവർക്ക് നാം തടവറയാക്കി വെച്ചിരിക്കുന്നു.

إِنَّ هَٰذَا الْقُرْآنَ يَهْدِي لِلَّتِي هِيَ أَقْوَمُ وَيُبَشِّرُ الْمُؤْمِنِينَ الَّذِينَ يَعْمَلُونَ
الصَّالِحَاتِ أَنَّ لَهُمْ أَجْرًا كَبِيرًا ٩

9. നിശ്ചയം, ഈ ഖുർആൻ മനുഷ്യനെ ഏറ്റം ശരിയായതിലേക്കു മാർഗദർശനം ചെയ്യുന്നതാകുന്നു. അതിൽ വിശ്വസിച്ച് സൽകർമങ്ങളാചരിക്കുന്നവർക്ക് മഹത്തായ പ്രതിഫലമുണ്ടെന്ന് സുവിശേഷവും നൽകുന്നു.

وَأَنَّ الَّذِينَ لَا يُؤْمِنُونَ بِالْآخِرَةِ أَعْتَدْنَا لَهُمْ عَذَابًا أَلِيمًا ١٠

10. എന്നാൽ പരലോക വിശ്വാസമില്ലാത്തവരോ, അവർക്ക് നാം ഒരുക്കി വെച്ചിട്ടുള്ളത് വേദനയേറിയ ശിക്ഷയാകുന്നു.

إِنْ أَحْسَنتُمْ = നിങ്ങൾ നന്മ ചെയ്തെങ്കിൽ(ചെയ്തപ്പോൾ)

أَحْسَنتُمْ لِأَنفُسِكُمْ ۖ = നിങ്ങൾക്കു വേണ്ടി നന്മ ചെയ്തു(അതു നിങ്ങൾക്കുവേണ്ടിത്തന്നെയുള്ള നന്മയായിരുന്നു)

وَإِنْ أَسَأْتُمْ = നിങ്ങൾ തിന്മ ചെയ്തെങ്കിൽ(ചെയ്തപ്പോൾ)

فَلَهَا ۚ = അതും അതിന്ന്(നിങ്ങൾക്കെതിരായിത്തന്നെയുള്ള തിന്മ)ആയിരുന്നു

فَإِذَا جَاءَ وَعْدُ الْآخِرَةِ = രണ്ടാമത്തെ വാഗ്ദാനം വന്നാൽ(വാഗ്ദാന സമയം ആസന്നമായപ്പോൾ നിങ്ങളുടെ മേൽ മറ്റു ശക്തികൾക്ക് ആധിപത്യം നൽകി)

നിങ്ങളുടെ മുഖങ്ങൾ = وُجُوهَكُمْ അവർ വികൃതമാക്കുന്നതിന് = لِيَسُـٓـُٔوا۟

പള്ളിയിൽ(ബൈത്തുൽ മഖ്ദിസിലേക്ക്) =ٱلْمَسْجِدَ അവർ പ്രവേശിക്കുന്നതിനും (തള്ളിക്കയറുന്നതിനും) =وَلِيَدْخُلُوا۟

ആദ്യവട്ടം = أَوَّلَ مَرَّةٍ അവർ കടന്നപോലെ(ബാബിലോണിയക്കാർ തള്ളിക്കറിയപോലെ) =كَمَا دَخَلُوهُ

അവർ കീഴടക്കിയത്(കൈയിൽ കിട്ടിയതെല്ലാം) =وَلِيُتَبِّرُوا۟ مَا عَلَوْا۟ تَتْبِيرًا

ഒരു തകർക്കൽ തകർക്കുന്നതിനും(തകർത്തുതരിപ്പണമാക്കാനും)

നിങ്ങളുടെ നാഥൻ(ഇനിയും) നിങ്ങളോട് കരുണകാട്ടിയേക്കാം, കരുണ കാട്ടുമെന്നാശിക്കാം = عَسَىٰ رَبُّكُمْ أَن يَرْحَمَكُمْ

പക്ഷേ നിങ്ങൾ മടങ്ങിയാൽ(പൂർവ നിലപാട് ആവർത്തിച്ചാൽ) = وَإِنْ عُدتُّمْ

നരകത്തെ നാം ആക്കി(വെച്ചിരിക്കുന്നു) =وَجَعَلْنَا جَهَنَّمَ നാമും മടങ്ങും(നമ്മുടെ നടപടിയും ആവർത്തിക്കും) = عُدْنَا

ഉപരോധസ്ഥലം(തടവറ) =حَصِيرًا നന്ദികെട്ടവർക്ക്, സത്യ-ധർമങ്ങൾ നിഷേധിക്കുന്നവർക്ക് =لِلْكَـٰفِرِينَ

മാർഗദർശനം ചെയ്യുന്നു(ന്നതാകുന്ന) = يَهْدِى നിശ്ചയം, ഈ ഖുർആൻ = إِنَّ هَـٰذَا ٱلْقُرْءَانَ

അത് സുവിശേഷം നൽകുന്നു = وَيُبَشِّرُ ഏറ്റം ശരിയായ, നേരായതിലേക്ക് = لِلَّتِى هِىَ أَقْوَمُ

സൽകർമങ്ങൾ = ٱلصَّـٰلِحَـٰتِ ചെയ്യു(ആചരിക്കു)ന്നവർക്ക് = ٱلَّذِينَ يَعْمَلُونَ (അതിൽ) വിശ്വസിച്ച(ച്ച്)വർക്ക് =ٱلْمُؤْمِنِينَ

വലിയ, മഹത്തായ =كَبِيرًا പ്രതിഫലം =أَجْرًا എന്തെന്നാൽ അവർക്ക് ഉണ്ടെന്ന് = أَنَّ لَهُمْ

നാം ഒരുക്കി വെച്ചു(ച്ചിട്ടുള്ളത്) =أَعْتَدْنَا (എന്നാൽ) പരലോക വിശ്വാസമില്ലാത്തവർ(രോ) = وَأَنَّ ٱلَّذِينَ لَا يُؤْمِنُونَ بِٱلْـَٔاخِرَةِ

മനുഷ്യൻ = ٱلْإِنسَـٰنُ തേടുന്ന, ആവശ്യപ്പെടുന്ന =وَيَدْعُ വേദനയേറിയ =أَلِيمًا ശിക്ഷ(യാകുന്നു) =عَذَابًا അവർക്ക് =لَهُمْ

അവന്റെ നന്മയെ തേടലിനെ(നന്മ തേടേണ്ടതുപോലെ) = دُعَآءَهُۥ بِٱلْخَيْرِ തിന്മയെ =بِٱلشَّرِّ

മഹാതിടുക്കക്കാരൻ(തിടുക്ക പ്രകൃതൻ) =عَجُولًا മനുഷ്യൻ ആയിരിക്കുന്നു = وَكَانَ ٱلْإِنسَـٰنُ

**7.** ദീർഘകാലത്തെ അടിമത്തത്തിനുശേഷം ലഭിച്ച വിമോചനം ഉൾക്കൊള്ളുന്ന പ്രധാനമായ പാഠം ചൂണ്ടിക്കാണിക്കുകയാണ് إِنْ أَحْسَنتُمْ أَحْسَنتُمْ لِأَنفُسِكُمْ ۖ وَإِنْ أَسَأْتُمْ فَلَهَا എന്ന വാക്യം. നിങ്ങൾ സത്യവിശ്വാസം കൈക്കൊണ്ട് സൽകർമങ്ങളാചരിച്ചാൽ അതിന്റെ ഫലം ബാബിലോണിയൻ അടിമത്തത്തിൽ നിന്നുണ്ടായ വിമോചനം പോലെ നിങ്ങൾക്കു തന്നെ അനുഭവിക്കാം. മറിച്ച് സത്യനിഷേധവും ധർമധിക്കാരവുമാണ് കൈക്കൊള്ളുന്നതെങ്കിൽ അതിന്റെ ദോഷഫലം അനുഭവിക്കേണ്ടതും നിങ്ങൾ തന്നെ. കാലത്തിന്റെ ചുമരെഴുത്തിൽ തന്നെ നിങ്ങൾക്കത് കാണാവുന്നതാണ്. അതിനുപുറമെ പ്രവാചകവര്യന്മാർ ആ കാര്യം ലളിതമായും സ്പഷ്ടമായും പറഞ്ഞു തന്നിട്ടുമുണ്ട്. മുൻകൂർ പ്രവചനങ്ങളും താക്കീതുകളുമൊക്കെ ഉണ്ടായിക്കഴിഞ്ഞിട്ടും നേരത്തെ അകപ്പെട്ട കുഴപ്പങ്ങളിൽ തന്നെ പിന്നെയും നിങ്ങൾ ചെന്നു ചാടുകയായിരുന്നു. അങ്ങനെ നിങ്ങളുടെ ദൈവധിക്കാരത്തിന്റെ രണ്ടാം ഘട്ടം ആസന്നമായപ്പോൾ അല്ലാഹു മറ്റു ചില പ്രബലന്മാർക്ക് നിങ്ങളുടെ മേൽ ആധിപത്യം നൽകി. അവർ നിങ്ങളുടെ മുഖം വികൃതമാക്കി അഥവാ നിങ്ങളുടെ ഐശ്വര്യവും അഭിമാനവും നശിപ്പിച്ച് വീണ്ടും നിങ്ങളെ നിന്ദിതരും പതിതരുമായിപ്പരിണമിപ്പിച്ചു. നിങ്ങളുടെ ഔന്നത്യത്തിന്റെയും സാംസ്കാരിക മഹിമയുടെയും ഉജ്ജ്വല ചിഹ്നമായ ബൈത്തുൽ മഖ്ദിസ് പണ്ടത്തെ ആക്രമണകാരികളെപോലെ അവരും അവഹേളിക്കുകയും തകർത്തു കളയുകയും ചെയ്തു. കണ്ണിൽ കാണുന്നതൊക്കെയും ഇടിച്ചു നിരത്തി. ഈ രണ്ടാം ദുരന്തത്തെക്കുറിച്ച് ഈസാ(അ) മുന്നറിയിപ്പു നൽകിയിട്ടുണ്ടായിരുന്നു: “യരൂശലേമേ, യരൂശലേമേ പ്രവാചകന്മാരെ കൊല്ലുന്നവളേ, നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുന്നവളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കുംപോലെ നിന്റെ മക്കളെ ചേർത്തുകൊൾവാൻ എനിക്ക് എത്രവട്ടം മനസായിരുന്നു. പക്ഷേ, നിങ്ങൾ സമ്മതിച്ചില്ല. നിങ്ങളുടെ ഭവനം ശൂന്യമായിത്തീരും” (മത്തായി 23:37-38). “കല്ലിൽ ഒരു കല്ലും ശേഷിക്കാതെ ഇവയെല്ലാം തകർക്കപ്പെടും എന്ന് ഞാൻ നിങ്ങളോടു സത്യമായിട്ടുപറയുന്നു” (മത്തായി 24:2).

മക്കാബി വിപ്ലവകാലത്ത് ഉൾക്കൊണ്ട ദൈവബോധവും മത-ധാർമിക ചൈതന്യവും ഉത്കർഷേഛയും കാലക്രമത്തിൽ യഹൂദർക്കു നഷ്ടപ്പെട്ടു. തൽസ്ഥാനത്ത് ഭൗതികാസക്തിയും നെറികെട്ട സ്വാർഥതാൽപര്യങ്ങളും കപടനാട്യങ്ങളും കയറിപ്പറ്റുകയും ചെയ്തു. ഇത് അവർക്കിടയിൽ ഭിന്നിപ്പും ശൈഥില്യവും പരത്തി. റോമൻ ചക്രവർത്തി പോംപിനെ ഫലസ്ത്വീനിലേക്ക് ക്ഷണിച്ചു വരുത്താൻ വരെ ഈ ശൈഥില്യം ചിലരെ പ്രേരിപ്പിച്ചു. ബി.സി 63 ൽ റോമൻപട ഫലസ്ത്വീനിൽ അധിനിവേശം നടത്തുകയും യഹൂദരുടെ സ്വാതന്ത്ര്യത്തിന് അന്ത്യം കുറിക്കുകയും ചെയ്തു. കീഴടക്കിയ രാജ്യങ്ങളിൽ പ്രാദേശിക നേതാക്കളെ ഭരണാധികാരികളായി വാഴിച്ച് അവരിലൂടെ സാമ്രാജ്യത്വ താൽപര്യങ്ങൾ നേടിയെടുക്കുകയാണ് റോം ആദ്യം സ്വീകരിച്ച രീതി.

ഹെരോദ ഒന്നാമനെയാണ് റോമക്കാർ ഫലസ്ത്വീനിൽ രാജാവായി വാഴിച്ചത്. മഹാനായ ഹെരോദ എന്നാണിദ്ദേഹം അറിയപ്പെട്ടത്. ഫലസ്ത്വീന്റെ ഏതാണ്ടെല്ലാ ഭാഗങ്ങളും അദ്ദേഹത്തിന്റെ കീഴിലായി. റോമക്കാരെയും യഹൂദ പുരോഹിത

ന്മാരെയും ഒരേസമയം പ്രീതിപ്പെടുത്തിക്കൊണ്ടാണ് ഹെരോദ നാടുവാണിരുന്നത്. ഹെരോദക്കു ശേഷം രാജ്യം അദ്ദേഹത്തിന്റെ മൂന്നു മക്കൾക്കായി വീതിക്കപ്പെട്ടു.

സാമിരിയ്യ,യഹൂദിയ്യ, വടക്കൻ അദോമിയ എന്നീ പ്രദേശങ്ങളുടെ രാജാവായ അർക്കലേയസിനെ സി.ഇ 6-ാം നൂറ്റാണ്ടിൽ സീസർ അഗസ്റ്റസ് സ്ഥാനഭ്രഷ്ടനാക്കി; രാജ്യം ഒരു ഗവർണറുടെ ഭരണത്തിൽ കൊണ്ടുവന്നു. സി.ഇ 41-വരെ ഈ അവസ്ഥ തുടർന്നു. ഇക്കാലത്താണ് ഈസാ (അ) പ്രബോധനം നടത്തിക്കൊണ്ടിരുന്നത്.

ഫലസ്ത്വീന്റെ ഇതര ഭാഗങ്ങളിൽ വാഴിക്കപ്പെട്ട മറ്റു രണ്ടു പുത്രന്മാരും തികച്ചും അധാർമികമായ ദുർഭരണമാണ് നടത്തിക്കൊണ്ടിരുന്നത്. ഒരു നർത്തകിയെ പ്രീതിപ്പെടുത്താൻ യഹ്‌യാ പ്രവാചകന്റെ തലയറുത്ത് തളികയിൽ കാഴ്ച വെച്ചത് ഇവരിലൊരാളായ ഹെരോദ ഇണ്ടിപ്പസാണ്. അധാർമികതയിലും അഴിമതിയിലും മറ്റു സഹോദരന്മാരുടെ മുമ്പിലായിരുന്നു മൂന്നാമനായ ഫിലിപ്പോസ്.

സി.ഇ 41-ൽ റോമാ ചക്രവർത്തി നേരത്തെ ഹെരോദ രാജാവ് ഭരിച്ചിരുന്ന പ്രദേശങ്ങളുടെയെല്ലാം രാജാവായി അദ്ദേഹത്തിന്റെ പൗത്രൻ ഹെരോദ അഗ്രപ്പായെ വാഴിച്ചു. ഇയാൾ അധികാരമേറ്റതോടെ ഈസാ നബിയുടെ ശിഷ്യന്മാർക്കെതിരെയുള്ള മർദന-പീഡനങ്ങൾക്ക് ശക്തി കൂടി.

ഈസാ നബിക്കു ശേഷം യഹൂദരും റോമും തമ്മിൽ വടംവലികളാരംഭിച്ചു. സി.ഇ 64-66 കാലത്ത് അത് തുറന്ന കലാപമായി വളർന്നു. രാജാവായിരുന്ന ഹെരോദ രണ്ടാമനോ റോമിനോ അത് ഒതുക്കാനായില്ല. ഒടുവിൽ റോമാ ചക്രവർത്തി ഒരു വൻ സൈന്യത്തെ നിയോഗിക്കുകയായിരുന്നു. ആ സൈനിക നടപടിയിൽ 133000 പേർ കൊല്ലപ്പെട്ടു. 67000 പേർ ബന്ധനസ്ഥരായി. ആയിരക്കണക്കിനാളുകൾ അടിമകളായി ഈജിപ്തിലേക്കയക്കപ്പെട്ടു. അനേകായിരങ്ങൾ ആംഫി തിയേറ്ററുകളിലും കൊളോസിയങ്ങളിലും വന്യമൃഗങ്ങളുമായി ദ്വന്ദയുദ്ധം നടത്തി മരിച്ചുവീണു. കുറെ ആയിരങ്ങൾ ആയുധാഭ്യാസികൾക്ക് ഉന്നം പരിശീലിക്കാൻ പല കേന്ദ്രങ്ങളിലേക്കായി അയക്കപ്പെട്ടു. ജറൂസലം നഗരവും ബൈത്തുൽ മുഖദ്ദസും നാമാവശേഷമാക്കി. അങ്ങനെ യഹൂദർ വീണ്ടും രാജ്യഭ്രഷ്ടരും പതിതരുമായിത്തീർന്നു. സ്വന്തം കർമദോഷം കൊണ്ടാണ് അവർക്കീ ഗതി വന്നത്. ഇഞ്ചീൽ (ബൈബിൾ പുതിയ നിയമം) ഉദ്ധരിക്കുന്ന, ഈസാ(അ)യുടെ പ്രഭാഷണങ്ങളിൽ നിന്ന് അവരെ ശിക്ഷാർഹരാക്കിയ ദൗഷ്ട്യങ്ങളെന്തൊക്കെയായിരുന്നുവെന്ന് മനസിലാക്കാവുന്നതാണ്. എത്ര ഗംഭീരമായ ചരിത്രമുള്ള സമുദായമായാലും സ്വന്തം കർമരീതിയാണ് അവരുടെ രക്ഷക്കും ശിക്ഷക്കും ആദരവിനും അപമാനത്തിനും അടിസ്ഥാനമെന്ന് ആഢ്യത്വത്തിലും മഹത്വത്തിലും അന്ധമായി ഊറ്റം കൊണ്ടിരുന്ന ഇസ്രാഈലിന്റെ അനുഭവം ചൂണ്ടിക്കാണിച്ചുകൊണ്ട് അതേ ആഢ്യത്തിൽ വിഹരിക്കുന്ന ഖുറൈശികൾ ഉൾപ്പെടെയുള്ള ജനതകളെ ഉത്ബോധിപ്പിച്ചിരിക്കുകയാണീ സൂക്തം.

**8.** ഈ സൂക്തങ്ങൾ അവതരിക്കുന്ന കാലത്തുണ്ടായിരുന്നവരും, ഖുർആനിനെയും പ്രവാചകനെയും എതിർക്കുന്നതിൽ വിഗ്രഹാരാധകരായ ഖുറൈശികളെ പിന്തുണച്ചിരുന്നവരുമായ യഹൂദരെ സംബോധന ചെയ്തുകൊണ്ട് പറയുകയാണ്: പോയ കാലത്ത് എന്തൊക്കെയാണ് നടന്നതെന്ന് നിങ്ങൾ കേട്ടുകഴിഞ്ഞു. ഇനി നന്മയാണുദ്ദേശിക്കുന്നതെങ്കിൽ നിരക്ഷരനായ ഈ പ്രവാചകൻ കാട്ടിത്തരുന്ന രക്ഷാസരണി സ്വീകരിച്ച് ഭാവി ശോഭനമാക്കിക്കൊള്ളുക. ചെയ്തുപോയ തെറ്റുകളിൽ പശ്ചാത്തപിച്ച് സ്വയം സംസ്കരിക്കാൻ തയാറാകുന്നുവെങ്കിൽ അല്ലാഹു ഇനിയും നിങ്ങളോടു കരുണ കാട്ടും. മറിച്ച് ഇനിയും പൂർവ കാലത്തെ അതേ നടപടികൾതന്നെ കൈക്കൊള്ളുകയാണെങ്കിൽ പൂർവകാലത്ത് നിങ്ങളെ കൈകാര്യം ചെയ്തതുപോലെ തന്നെയായിരിക്കും ഇനിയും നാം കൈകാര്യം ചെയ്യുക. ഓർത്തിരിക്കുക, ഈ ലോകത്ത് നേരത്തെ നിങ്ങൾക്കുണ്ടായ നിന്ദ്യതയും പതിത്വവും ഇനിയും നേരിടേണ്ടിവരും. അനന്തരം നരകം നിങ്ങളെ വലയം ചെയ്യും. എല്ലാവരും അതിൽ നിറക്കപ്പെടും.

**9,10.** മൂസാനബിയിലൂടെ ഇസ്രാഈല്യർക്ക് സന്മാർഗദർശകമായ വേദം അവതരിപ്പിച്ചതും അവർ വേദപ്രമാണങ്ങൾ തള്ളിക്കളഞ്ഞ് സ്വേഛാചാരികളായപ്പോൾ വേദം പ്രവചിച്ചതനുസരിച്ച് മഹാദുരിതങ്ങൾക്ക് ഇരയായിത്തീർന്നതും അനുസ്മരിപ്പിച്ചുകൊണ്ട് സത്യ-ധർമങ്ങൾ തള്ളിക്കളയുകയും അന്യായങ്ങളനുവർത്തിക്കുകയും ചെയ്യുന്ന എല്ലാവർക്കും അതേഗതി തന്നെ നേരിടേണ്ടിവരുമെന്ന് ഉണർത്തിയ ശേഷം സംബോധിതരെ ഉപദേശിക്കുകയാണ്: പണ്ട് മൂസാ മുഖേന ഇസ്രാഈല്യർക്കുവേണ്ടി അവതരിപ്പിച്ച വേദം പോലെ ഇപ്പോൾ സകല മനുഷ്യരുടെയും സന്മാർഗദർശനാർഥം അല്ലാഹു അവതരിപ്പിച്ചിട്ടുള്ള വേദമാകുന്നു ഈ ഖുർആൻ. ഖുർആന്റെ മാർഗദർശക സ്വഭാവത്തെ يَهْدِي لِلَّتِي هِيَ أَقْوَمُ "ഏറ്റം ശരിയായതിലേക്ക് നയിക്കുന്നത്" എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. വളവും ചരിവും ഇല്ലാതെ നേരെ ചൊവ്വെ നിലകൊള്ളുന്നത് എന്ന അർഥത്തിലുള്ള قويم ന്റെ അത്യുത്തമ വാചിയാണ് أَقْوَمُ . മറ്റെല്ലാറ്റിനെക്കാളും നേരെയായി നിലകൊള്ളുന്നത്, ശരിയായത് എന്ന താൽപര്യം. അതായത് തൗറാത്ത് ചൂണ്ടിക്കാണിക്കുന്നതിനെക്കാൾ കൂടുതൽ ശരിയായതാണ് ഈ ഖുർആൻ കാണിച്ചു തന്നത്. സത്യത്തിന്റെയും നീതിയുടെയും അന്നത്തെ ശരിയായ രൂപമാണ് തൗറാത്ത് കാണിച്ചു തന്നത്. സത്യവും നീതിയും അടിസ്ഥാനപരമായി ഒന്നായിരിക്കുമ്പോൾ തന്നെ കാലാന്തരത്തിൽ അതിന്റെ സാക്ഷാത്കാര രീതികളിൽ മാറ്റമുണ്ടാക്കും. ഇപ്പോഴത്തെ ഏറ്റം നല്ല രീതിയിലേക്കാണ് ഖുർആൻ വിളിക്കുന്നത്. لِلَّتِي هِيَ أَقْوَمُ ഏറ്റവും ശരിയായതിലേക്ക് എന്നേ പറയുന്നുള്ളൂ. ശരിയായ എന്തിലേക്ക് എന്നു പറയുന്നില്ല. അത് ഏതെങ്കിലും പ്രത്യേകമായ ഒന്നല്ല എന്നതാവാം കാരണം. ആത്മീയവും ധാർമികവും സദാചാരപരവുമായി അല്ലെങ്കിൽ വിശ്വാസപരവും കർമപരവുമായി ഏറ്റവും ശരിയായതിലേക്കാണ് ഖുർആൻ വഴികാട്ടുന്നത്. മനുഷ്യ പ്രകൃതിക്കും യുക്തിക്കും ഏറ്റം ഇണങ്ങുന്നതും അല്ലാഹുവിങ്കലേക്കെത്തുന്നതും എത്തിക്കുന്നതുമായ ശരിയായ മാർഗത്തിലേക്ക് എന്നും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. ഇമാം ഖതാദ വിശദീകരിച്ചു: ഈ ഖുർആൻ നിങ്ങളുടെ രോഗവും അതിനുള്ള ഔഷധവും പറഞ്ഞുതരുന്നു. പാപങ്ങളും കുറ്റങ്ങളുമാണ് നിങ്ങളുടെ രോഗം. പാപമോചനത്തിനുവേണ്ടി അല്ലാഹുവിനോട് തേടുക-استغفار-ആണ് ഔഷധം.

ഖുർആനിൽ വിശ്വസിച്ച് അതനുശാസിക്കുന്നവിധത്തിൽ സൽകർമങ്ങളാചരിക്കുക മാത്രമാണ് മനുഷ്യന്റെ രക്ഷാമാർഗം.

ആ മാർഗം കൈക്കൊണ്ടവർക്ക് മഹത്തായ പ്രതിഫലം ലഭിക്കുമെന്ന് അതു സുവിശേഷം നൽകുകയും ചെയ്യുന്നു. أَجْرًا كَبِيرًا വലിയവേതനം എന്നാണ് മൂലപദം. മുന്തിയത്, മഹത്തായത് എന്നും كَبِيرًا ന് അർഥമുണ്ട്. ഈ വേതനം ഇഹലോകത്തുമുണ്ട്, പരലോകത്തുമുണ്ട്. സമാധാനവും അഭിവൃദ്ധിയും അന്തസും വിജയസൗഭാഗ്യങ്ങളുമാണ് ഇഹലോകത്ത് ലഭിക്കുന്ന പ്രതിഫലം, പരലോകത്ത് നിത്യസ്വർഗവും. ഭൗതിക ലോകത്തെ വേതനം തട്ടിമാറ്റാനോ ന്യൂനീകരിക്കാനോ ചിലപ്പോൾ ഇബ്‌ലീസിനു കഴിഞ്ഞേക്കും. പരലോക വേതനം തട്ടിമാറ്റാനോ കുറക്കാനോ ആർക്കും കഴിയില്ല. ഖുർആൻ اجر كبير-رزق كبير-رزق كريم തുടങ്ങിയ വാക്കുകൾ ഉപയോഗിച്ചിടത്തെല്ലാം ഉദ്ദേശ്യം സ്വർഗമാണെന്ന് ഇബ്നുജുറൈജ് പ്രസ്താവിച്ചിരിക്കുന്നു. പാരത്രിക രക്ഷക്കുവേണ്ടി വിശ്വാസവും കർമജീവിതവും സംസ്കരിക്കാനാണ് ഖുർആൻ ആവശ്യപ്പെടുന്നത്. പക്ഷേ, ജനങ്ങളിൽ വലിയൊരു വിഭാഗം പരലോകത്തെയും രക്ഷാശിക്ഷകളെയും നിഷേധിക്കുന്നു. അത്തരക്കാർ വിഗ്രഹാരാധകരായാലും, പൂർവവേദങ്ങളിലും ദൈവത്തിലും വിശ്വസിക്കുന്നവരായാലും മറ്റേതു വിഭാഗത്തിൽ പെട്ടവരായാലും അല്ലാഹു പരലോകത്തവർക്ക് ദാരുണമായ ശിക്ഷ ഒരുക്കി വെച്ചിരിക്കുന്നുവെന്നോർത്തിരിക്കുക. ■